ഗ്രാമീണ റോഡുകൾ പി. ഡബ്ലിയു. ഡി. ഏറെടുക്കുന്ന പദ്ധതി

893 [1410] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ പി.ഡബ്ലിയു.ഡി. ഏറെടുക്കുന്ന പദ്ധതി അനുസരിച്ച് തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ഈ വർഷം എത്ര കി.മീ. റോഡാണ് ഏടുക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിയന്നൂർ പഞ്ചായത്തിലെ രാമപുരം-തരംഗമുകൾ ഉരുട്ടുകാലാറോഡ് ഉടൻ തന്നെ ഏറെടുത്ത് വികസിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) നെയ്യാറിൻകര താലൂക്കിലെ മലയോര പഞ്ചായത്തുകളെ മുഴുവൻ ഉൾക്കൊള്ളുന്ന പെരുങ്കടവിള ബ്ലോക്കിന്റെ പിന്നോക്കാവസ്ഥയെ പരിഗണിച്ച് മണ്ണാൻകോണം കുടപ്പനമൂട് റോഡ് ഏറെടുക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒട്ടാകെ 350 കി.മീ. പഞ്ചായത്ത് റോഡ് ഏറെടുക്കാനാണുദ്ദേശിക്കുന്നത്. ഓരോ ജില്ലയ്ക്കും പ്രത്യേകം വിഹിതം നിർണ്ണയിച്ചിട്ടില്ല.

(ബി, സി.) ഈ റോഡുകൾ ഏറെടുക്കുവാനുള്ള യാതൊരു നടപടിയും ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

തൃത-വെട്ടത്തൂർ റോഡ്

894 [1411] ശ്രീ. കെ.കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത-വെട്ടത്തൂർ റോഡ് പണിയാൻ എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്ന് തയ്യാറാവും?

ഉത്തരം

(എ) ഇല്ല. ഇത് പൊതുമരാമത്ത് വകുപ്പിന്റെ അധീനത്തിലുള്ള റോഡ് അല്ല.

(ബി) റോഡ് പൊതുമരാമത്ത് വകുപ്പ് ഏറെടുത്ത ശേഷമേ ഇക്കാര്യത്തിൽ നടപടികളെടുക്കുവാൻ നിർവാഹമുള്ളൂ.

അയിലംപാലം പണിയുന്നതിന് നടപടികൾ

895 [1412] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദാക്കൽ പഞ്ചായത്തിൽ അയിലംപാലം പണിയുന്നതിനെക്കുറിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly